**File No.TCPCTP/1763/2019-A2**

ഭരണഭാഷ - മാതൃഭാഷ

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം -ജീവനക്കാര്യം- വകുപ്പിലെ ഹെഡ് ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 04/10/2019-ലെ TCPCTP/1763/19-A2 നമ്പർ ഉത്തരവ്

2. കാസറഗോഡ് ടൗൺ പ്ലാനറുടെ 18/10/2019-ലെ A-146/19 നമ്പർ കത്ത്.

---

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/1763/19-A2 തീയതി : **29/10/2019**

---

**ഉത്തരവ്**

പരാമർശം(1) ലെ ഉത്തരവ് പ്രകാരം കാസറഗോഡ് നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജയ്മോൻ.റ്റി.എൻ-ന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി കോട്ടയം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി ഉത്തരവായിട്ടുള്ളതും ,പരാമർശം (2) പ്രകാരം ശ്രീ.ജയ്മോൻറ്റി.എൻ കാസർഗോഡ് ജില്ലാ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമായ സാഹചര്യത്തിൽ നഗര ഗ്രാമാസൂത്രണ വകുപ്പിൽ കാസർഗോഡ് ജില്ലാ കാര്യാലയത്തിൽ ഒരു ഹെഡ് ക്ലർക്കിന്റെ ഒഴിവ് ഉണ്ടായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ വകുപ്പിലെ സീനിയർ ക്ലർക്കുമാരിൽ സീനിയറും, നിലവിൽ കോട്ടയം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിക്കുന്നതുമായ ശ്രീമതി.നീതി ചന്ദ്രൻനെ 27800-59400 രൂപ ശമ്പള സ്കെയിലിൽ ഹെഡ് ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കാസർഗോഡ് ജില്ലാ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം /സ്ഥലമാറ്റത്തിന് കെ.എസ്.ആർ ഭാഗം 1-ലെ ചട്ടങ്ങൾ പ്രകാരമുള്ള പ്രവേശന കാലത്തിനും യാത്രാസമയത്തിനും ശമ്പള നിർണ്ണയത്തിനും അർഹത യുണ്ടായിരിക്കുന്നതാണ്.

ഗിരിജ.കെ.എസ്.
മുഖ്യനഗരാസൂത്രക

ശ്രീമതി.നീതി ചന്ദ്രൻ, സീനിയർ ക്ലർക്ക്
(കോട്ടയം ടൗൺ പ്ലാനർ മുഖാന്തിരം)

പകർപ്പ്

1. ടൗൺ പ്ലാനർ, കാസർഗോഡ്

5336 9

GOVERNMENT OF KERALA 2017-18

File No.TCPCTP/1763/2019-A2

2. ടൗൺ പ്ലാനർ, കോട്ടയം

3. സി.എ മുഖേന മുഖ്യനഗരാസൂത്രക

4. സീനിയർ ഫിനാൻസ് ഓഫീസർ

5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

6. വെബ് സൈറ്റ്

7. ഐ.ടി ഓഫീസർ

8. കരുതൽ ഫയൽ

9. അധികം-1